മാതൃഭൂമി
vidyapage@mpp.co.in
വിദ്യ
ലക്കം: 40
2018 സെപ്റ്റംബർ 13
വ്യാഴാഴ്ച
ചൊവ്വ, വ്യാഴം, വെള്ളി ദിവസങ്ങളിൽ

# വിരുന്നെത്തി പിടിച്ചടക്കിയവർ

**2018 ജൂൺ 26-ന് മാതൃഭൂമി ഒന്നാംപേജിൽ ജൈവാധിനിവേശത്തെക്കുറിച്ച് ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നത് കൂട്ടുകാർ ശ്രദ്ധിച്ചിരുന്നോ? കേരളത്തിന്റെ പ്രകൃതിയിലേക്ക് കടന്നുകയറിയ സസ്യങ്ങളിൽ ചിലത് പ്രതിവർഷം 6.17 ലക്ഷം കോടി രൂപയുടെ വിളനഷ്ടം വരുത്തിവയ്ക്കുന്നു എന്നാണ് ഈ റിപ്പോർട്ട്. വിള നശിപ്പിക്കുന്നതും അല്ലാത്തതുമായ ഇത്തരം ചില സസ്യങ്ങളെ പരിചയപ്പെടാം.**

**സജീവ് പള്ളത്ത്**

കേരളത്തിന്റെ ജൈവ ആവാസവ്യവസ്ഥയിലേക്ക് അതിക്രമിച്ചുകയറി നമ്മുടെ വിളകളെയും മണ്ണിനെത്തന്നെയും നശിപ്പിക്കുന്ന ഒരുവിഭാഗം ചെടികളുണ്ട് - അധിനിവേശ സസ്യങ്ങൾ. കളകളായും പൂച്ചെടികളായും പരിഗണിക്കപ്പെടുന്ന അവയെല്ലാം വിവിധ കാലഘട്ടങ്ങളിൽ വിദേശരാജ്യങ്ങളിൽനിന്ന് പ്രത്യേക സാഹചര്യങ്ങളിൽ വന്നുപെട്ടവയാണ്. ഇവയെ നിയന്ത്രിക്കാൻ ഫലപ്രദമായ മാർഗങ്ങൾ രാജ്യത്ത് സ്വീകരിക്കുന്നില്ല. ശത്രുകീടങ്ങളെയോ ഫംഗസുകളെയോ ഉപയോഗിക്കുകയാണ് പ്രതിരോധമാർഗം. എന്നാൽ രാജ്യത്ത് നിലവിൽ ഇതിന് അനുമതിയില്ല. കളനാശിനിപ്രയോഗം നടത്തുന്നത് ആശാസ്യവുമല്ല. അതിനാൽ ഇത്തരം സസ്യങ്ങൾ വളരാനിടനൽകാതിരിക്കുക മാത്രമാണ് തത്കാലം പരിഹാരം.


കമ്യൂണിസ്റ്റ് പച്ച


കൊങ്ങിണി

## കൊങ്ങിണി

ശാസ്ത്രനാമം: *Lantana camara*

സപുഷ്പിയായ ഒരു സസ്യമാണ് കൊങ്ങിണി. അരിപ്പൂ എന്നും ഇത് അറിയപ്പെടുന്നു. രൂക്ഷഗന്ധമുള്ള പുഷ്പങ്ങളും ഇലകളുമാണ് ഇവയ്ക്കുള്ളത്. ചുവപ്പ്, പിങ്ക് നിറങ്ങളോടുകൂടിയ പൂക്കളുണ്ട്.

വെർബനേസി കുടുംബത്തിൽപ്പെട്ട ഇവയുടെ പുഷ്പങ്ങളിൽ ധാരാളം തേനുള്ളതുകൊണ്ട് ചിത്രശലഭങ്ങൾ, വണ്ട്, തേനീച്ച എന്നീ ഷഡ്പദങ്ങളെ ആകർഷിക്കുന്നു. ഇത്തരം ഷഡ്പദങ്ങൾ വഴിയാണ് പരാഗണം നടക്കുന്നത്. പക്ഷികൾ വഴിയാണ് പ്രധാനമായും ഇവയുടെ വിത്തുവിതരണം.

## കോൺഗ്രസ് പച്ച

ശാസ്ത്രനാമം: *Parthenium hysterophorus*

കേരളത്തിൽ പടർന്നുപിടിച്ച പാർത്തീനിയം എന്ന കളയെ നാട്ടുകാർ കോൺഗ്രസ് പച്ച എന്ന് പേരിട്ടുവിളിച്ചു. വെള്ളത്തൊപ്പി, ക്യാരറ്റ് കള എന്നീ പേരുകളിലും അറിയപ്പെടുന്നു. വഴികളിലും തരിശുഭൂമിയിലുമാണ് കൂടുതലായി കാണുന്നത്.

തെക്കേ അമേരിക്കയിൽ ജന്മമെടുത്ത പാർത്തീനിയം ഇന്ത്യയിലാദ്യമായി കണ്ടത് 1955-ൽ പുണെയിലാണ്. ഇറക്കുമതിചെയ്ത ഗോതമ്പു ചാക്കുകളിലൂടെയാണ് ഇത് എത്തിയതെന്ന് കരുതപ്പെടുന്നു. ഇതിന്റെ സാമീപ്യം ആൾക്കാർക്ക് ദേഹത്ത് ചൊറിച്ചിലും തടിപ്പും ഉണ്ടാക്കും. ഇതിലുള്ള പാർത്തെനിൻ എന്ന രാസവസ്തുവാണ് അലർജിയുണ്ടാക്കുന്നത്.


കോൺഗ്രസ് പച്ച

## കമ്യൂണിസ്റ്റ് പച്ച

ശാസ്ത്രനാമം: *Chromolaena odorata*

മറ്റ് സസ്യങ്ങൾക്ക് ഇടനൽകാതെ കൂട്ടത്തോടെ വളർന്നുവ്യാപിക്കുന്ന കമ്യൂണിസ്റ്റ് പച്ച കേരളത്തിലെ ഒരു അധിനിവേശസസ്യമാണ്. തെക്കേ അമേരിക്കയും മധ്യ അമേരിക്കയും സ്വദേശമായ ഈ സസ്യം ഇന്ന് ഏഷ്യയിലും ആഫ്രിക്കയിലും പസിഫിക് മേഖലയിലും എത്തിയിരിക്കുന്നു. സംരക്ഷിത വനമേഖലകൾക്കും ജൈവവൈവിധ്യത്തിനും ഈ സസ്യം ഒരു ഭീഷണിയാണ്. തീവ്രമായ വംശവർധനശേഷിയുള്ള ഇവ വിത്തുകളിലൂടെയും തണ്ടുകളിലൂടെയും പ്രജനനം നടത്തുന്നു. വിത്തുകളുടെ അറ്റത്തുള്ള ഒരുപറ്റം ചെറിയ നാരുകളുടെ സഹായത്തോടെ കാറ്റിൽ പറന്നാണ് വിദൂരസ്ഥലങ്ങളിലേക്ക് വിത്തുവിതരണം നടത്തുന്നത്.

കേരളത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി ആദ്യ കമ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റെടുത്തകാലത്താണ് യാദൃച്ഛികമായി ഈ സസ്യം വല്ലാതെ പെരുകിയത്. കാട്ടപ്പ, നായ്തുളസി, സിയാം കള, ക്രിസ്മസ് ബുഷ് എന്നിങ്ങനെ വിവിധ പ്രദേശങ്ങളിൽ അറിയപ്പെട്ടിരുന്ന ഇത് അതോടെ കമ്യൂണിസ്റ്റ് പച്ചയായി അറിയപ്പെട്ടുതുടങ്ങി.

## മൂടില്ലാത്താളി

ശാസ്ത്രനാമം: *Cuscuta chinensis*

ചൈനയിൽനിന്നും മലേഷ്യയിൽനിന്നും എത്തിയ മൂടില്ലാത്താളി കേരളത്തിലെ എല്ലാ ജില്ലകളിലും കാണുന്നുണ്ട്. പൂർണ പരാദമായ ഈ വള്ളിച്ചെടി ആതിഥേയസസ്യത്തിൽനിന്ന് ഹോസ്റ്റോറിയം എന്നറിയപ്പെടുന്ന പ്രത്യേകതരം വേരുകൾകൊണ്ട് ഭക്ഷണം വലിച്ചെടുത്ത് അവയുടെ വളർച്ച മുരടിപ്പിക്കും. ഇവയുടെ വിത്തുകൾ മണ്ണിൽ പത്തുവർഷംവരെ കേടൊന്നും കൂടാതെ നിലനിൽക്കും.

## ആനത്തൊട്ടാവാടി

ശാസ്ത്രനാമം: *Mimosa dipltricha*

തൊട്ടാവാടിയുടെ കുടുംബത്തിൽപെട്ട ആനത്തൊട്ടാവാടി കേരളത്തിലെമ്പാടും കൃഷികൾക്ക് വിനയായി പടരുന്നതാണ്. ബ്രസീലുകാരനാണി ചെടി. ഇത് രണ്ടുമീറ്റർവരെ പൊക്കത്തിൽ വളരുന്നു. കന്നുകാലികൾക്ക് ഇവ തിന്നാൻ വിഷബാധയേൽക്കാറുണ്ട്. ആനത്തൊട്ടാവാടിയുടെ ഇളംചെടികളിൽ കൂടുതലായി കണ്ടുവരുന്ന മൈമോസിൻ എന്ന വിഷാംശമാണ് വിഷബാധയ്ക്ക് കാരണം. ശരീരത്തിൽ നീർക്കെട്ട്, ശ്വാസതടസ്സം, വിറയൽ, തീറ്റ തിന്നാതിരിക്കൽ, നടക്കാൻ ബുദ്ധിമുട്ട് എന്നിവയാണ് രോഗലക്ഷണങ്ങൾ. ദേശീയോദ്യാനങ്ങളിലും വന്യജീവിസങ്കേതങ്ങളിലും സ്വാഭാവിക വനമേഖലകളിലും വളർന്നുപരക്കുന്ന സസ്യം, പ്രാദേശിക സസ്യയിനങ്ങൾക്കും മൃഗങ്ങൾക്കും കടുത്ത ഭീഷണിയാണ്.


കുളവാഴ

## കുളവാഴ

ശാസ്ത്രനാമം: *Eichhornia crassipes ( common water hyacinth)*

ജലപ്പരപ്പിൽ വളരുന്ന സസ്യമാണ് കുളവാഴ. തെക്കേ അമേരിക്കയിലെ ഭൂമധ്യരേഖയ്ക്കടുത്ത് ആമസോൺ പ്രദേശമാണ് കുളവാഴയുടെ സ്വദേശം. 12 ദിനംകൊണ്ട് ഇരട്ടിപ്രദേശത്ത് വ്യാപിക്കാൻ ശേഷിയുണ്ട് കുളവാഴയ്ക്ക്. സ്വാഭാവിക ജലാശയത്തിന്റെ നീരൊഴുക്ക് തടഞ്ഞ് ബോട്ട് സർവീസ്, മത്സ്യബന്ധനം തുടങ്ങിയവ തടസ്സപ്പെടുന്നു. അഞ്ച് ഭൂഖണ്ഡങ്ങളിലായി 50 രാജ്യങ്ങളിൽ ഈ കള പ്രശ്നം സൃഷ്ടിക്കുന്നു.

## മഞ്ഞക്കോളാമ്പി വള്ളി

ശാസ്ത്രനാമം: *Merremia vitifolia*

വൃക്ഷങ്ങളുടെ തലപ്പത്തുവരെ പടർന്നുകയറി നാശംവിതയ്ക്കുന്ന വള്ളിച്ചെടിയാണിത്. ചൈനയിൽ കൂടുതലായി കാണപ്പെടുന്ന ഈ ചെടി ഇന്ന് കേരളത്തിലെമ്പാടും വഴിയോരത്തും കൃഷിയിടങ്ങളിലും കാണാം. വൈദ്യുതത്തൂണുകളിൽ പടർന്നുകയറി വൈദ്യുതക്കമ്പികളിൽവരെ പടരുന്ന ഈ സസ്യം മഞ്ഞവയർ വള്ളി, മഞ്ഞക്കോളാമ്പി വള്ളി എന്നിങ്ങനെയാണ് അറിയപ്പെടുന്നത്.


മൂടില്ലാത്താളി


മഞ്ഞക്കോളാമ്പി വള്ളി

## ധൃതരാഷ്ട്രപ്പച്ച

ശാസ്ത്രനാമം: *Mikania micrantha*

മഹാഭാരത ഇതിഹാസത്തിലെ ധൃതരാഷ്ട്രരെ ഓർമിപ്പിക്കുന്ന സസ്യമാണിത്. ഭീമന്റെ ലോഹപ്രതിമ ആലിംഗനത്തിലൂടെ ധൃതരാഷ്ട്രർ തവിടുപൊടിയാക്കിയതുപോലെ വൃക്ഷങ്ങളെപ്പോലും ആലിംഗനംചെയ്ത് നശിപ്പിക്കുന്ന കളയായതിനാലാണ് മൈക്കേനിയ എന്ന ഈ അമേരിക്കൻ കളസസ്യം നമുക്ക് ധൃതരാഷ്ട്രപ്പച്ചയായത്. ആസ്റ്ററേസി എന്ന കുടുംബത്തിൽപ്പെട്ട ഈ ചെടി അമേരിക്കൻ വള്ളി, കൈപ്പുവള്ളി എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. ജൊഹാൻ ക്രിസ്റ്റ്യൻ മൈക്കൻ എന്ന ചെക്ക് സസ്യശാസ്ത്രജ്ഞന്റെ ബഹുമാനാർഥമാണ് മൈക്കേനിയ എന്ന പേര് ഈ സസ്യത്തിന് നൽകിയത്.

24 മണിക്കൂർകൊണ്ട് 8 മുതൽ 10 വരെ സെൻറിമീറ്റർ വളരാൻ കഴിവുള്ള ഈ സസ്യം മറ്റ് സസ്യജാലങ്ങൾക്കുമീതേ വളരെ വേഗമാണ് പടർന്നുപന്തലിക്കുന്നത്. കേരളത്തിലെ പട്ടണങ്ങളിലുൾപ്പെടെ ശ്രദ്ധിക്കപ്പെടാതെകിടക്കുന്ന മിക്ക സ്ഥലങ്ങളിലും ഈ ചെടി പടർന്നുകഴിഞ്ഞിരിക്കുന്നു.





സിംഗപ്പൂർ